## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1840 15/07/2016-ൽ മറുപടിയ്ക്ക്

**പട്ടികഗോത്രവർഗ്ഗത്തിൽപ്പെട്ടവരെ സ്വയം പര്യാപ്തരാക്കാനായി പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ. പ്രദീപ് കുമാർ<br>" ഒ. ആർ. കേളു<br>" പി. വി. അൻവർ<br>" എം. എം. മണി : | | ശ്രീ. എ. കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | പട്ടികഗോത്രവർഗ്ഗത്തിൽപ്പെട്ടവരെ വിശേഷിച്ച് യുവതീയുവാക്കളെ സ്വയം പര്യാപ്തരാക്കാനായുള്ള പദ്ധതികളുണ്ടെങ്കിൽ, അവയുടെ വിശദാംശം നല്കുമോ; | (എ) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കളെ സ്വയം പര്യാപ്തരാക്കുന്നതിലേയ്ക്കായി വിവിധ സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൃഷി, മൃഗസംരക്ഷണം, പെട്ടിക്കട, ഫോട്ടോസ്റ്റാറ്റ് കട, സംരംഭകത്വ വികസന പദ്ധതികൾ തുടങ്ങിയവയും കൂടാതെ നൈപുണ്യവികസനത്തിനായി വിവിധ പദ്ധതികളും നടപ്പിലാക്കി വരുന്നു. (വിശദാംശം അനുബന്ധമായി ചേർക്കുന്നു) കൂടാതെ ജെന്റർ ആക്ഷൻ പ്ലാൻ എന്ന ശീർഷകത്തിൽ കാർഷിക മേഖലയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉൽപ്പാദനത്തിനും വിപണനത്തിനും കൂടുതൽ ഊന്നൽ നല്കി പദ്ധതി നടപ്പിലാക്കുന്നതാണ്. ഇപ്രകാരം കൃഷി ഉൾപ്പടെയുള്ള സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് 2016-17 വർഷം 5 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നു. |
| (ബി) | ഇവർക്കായി നിലവിൽ ഏതെങ്കിലും സ്വയം തൊഴിൽ പദ്ധതിയുണ്ടെങ്കിൽ അവയുടെ വിശദാംശവും അവ എത്ര മാത്രം ഫലപ്രദമായിരുന്നുവെന്നും അറിയിക്കാമോ ; | (ബി) | 2015-16-ൽ 724 പേർക്ക് 188.80 ലക്ഷം രൂപ അനുവദിച്ച് സ്വയം തൊഴിൽ പദ്ധതി നടപ്പിലാക്കുന്ന ഘട്ടത്തിലാണ്. 2225-02-800-21 എന്ന ശീർഷകത്തിൽ 2016-17 വർഷം 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിനുപുറമെ വകുപ്പിൽ പ്രത്യേക കേന്ദ്ര സഹായം, ഭരണഘടനയുടെ ആർട്ടിക്കിൾ 275(1) പ്രകാരമുള്ള സഹായങ്ങൾ, കോർപ്പസ് ഫണ്ട് |

| | | | |
|---|---|---|---|
| | | | തുടങ്ങിയവയിലൂടെയും വ്യക്തിഗത പദ്ധതികൾ, ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള പദ്ധതികളിലും ഉൾപ്പെടുത്തി സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗക്കാരുടെ അഭിരുചിക്കും അവരുടെ താല്പര്യത്തിനും അനുസരിച്ചുള്ള സ്വയം തൊഴിൽ പദ്ധതികൾ, കൃഷി, കന്നുകാലി വളർത്തൽ തുടങ്ങിയവയും പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗക്കാർ അവരുടെ താല്പര്യവും അഭിരുചിയും അനുസരിച്ച് നടപ്പിലാക്കുന്ന പദ്ധതി കളാകയാൽ അത് അവർക്ക് സ്ഥിരം വരുമാനം ഉണ്ടാക്കുന്നതിന് ഉതകുന്നവയാണ്. |
| **(സി)** | പട്ടികഗോത്രവർഗ്ഗത്തിൽപ്പെട്ട യുവതീ യുവാക്കളെ കാർഷികമേഖലയിൽ സ്വയംപര്യാപ്തമാക്കാനായി എന്തെങ്കിലും പദ്ധതിയുണ്ടായിരുന്നോ; എങ്കിൽ കാർഷിക വൃത്തിയിൽ ആധുനിക സാങ്കേതിക വിദ്യയുടെയും കൃഷി രീതിയുടെയും വ്യാപനം ഫലപ്രദമായി നടന്നിട്ടുണ്ടോ? | **(സി)** | കൃഷിവകുപ്പ് മുഖേന ദീർഘകാല വിളകൾക്കും കുടുംബശ്രീ മുഖേന ഹ്രസ്വകാല വിളകൾക്കും മൃഗസംരക്ഷണവകുപ്പ് മുഖേന കന്നുകാലി പരിപാലനത്തിലൂടെയും ഇവർക്ക് കാർഷികമേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. കാർഷികവൃത്തിയിൽ ആധുനിക സാങ്കേതിക വിദ്യയുടെയും കൃഷി രീതിയുടെയും വ്യാപനം ഇനിയും ഫലപ്രദമാകേണ്ടതുണ്ട്. ഇതിനായി കൃഷി വകുപ്പുമായി സഹകരിച്ച് അനുയോജ്യമായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ